(സി) വിശദവിവരം ശേഖരിച്ചു വരുന്നു.

(ഡി) നികുതികളൊന്നും തന്നെ ഈടാക്കുന്നില്ല.

(ഇ) നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കാരണം ഇത് സംബന്ധമായി ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ല.

(എഫ്) സർക്കാർ പ്രത്യേക ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

63 (1814) തിരുവനന്തപുരം കോർപ്പറേഷനിൽ അവതരിപ്പിച്ച ബഡ്ജറ്റുകൾ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ നിലവിലുള്ള കൗൺസിലിൽ ഇതുവരെ എത്ര ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോ ബഡ്ജറ്റിലും എന്തെല്ലാം പരിപാടികൾ പ്രഖ്യാപിച്ചിരുന്നു;

(സി) ഇവയിൽ എന്തെല്ലാം പരിപാടികൾ നടപ്പാക്കി;

(ഡി) ബാക്കി പരിപാടികൾ നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്.

(ബി)-(ഡി) വിശദ വിവരം ഉടൻ ലഭ്യമല്ല. ശേഖരിച്ചു നൽകുന്നതാണ്.

64 (1815) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകിയ ഗ്രാന്റ്

ശ്രീ. പാലോട് രവി :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കൈത്തറി സഹകരണ സംഘങ്ങൾക്ക് 1998-99-ൽ ഗ്രാന്റ് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സൊസൈറ്റികൾക്ക് എന്തുതുകവീതം ഗ്രാന്റ് നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഗ്രാന്റ് നൽകുന്നതിനായി കൈത്തറി സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തതു സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ഈ സംഘങ്ങളിൽ ഭൂരിപക്ഷവും ഒരേ വീട്ടുകാർ തന്നെ അംഗങ്ങളായുള്ള സംഘങ്ങളാണെന്ന് ആക്ഷേപമുണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടിക അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(സി) 1. മൂന്നു വർഷത്തിൽ കുറയാതെ പ്രവർത്തനമുള്ളതായിരിക്കണം.

2. യന്ത്രസാമഗ്രികൾ, കെട്ടിടം തുടങ്ങിയ ആവശ്യങ്ങൾക്കു മുൻഗണന.

3. സർക്കാരിൽനിന്നോ ജില്ലാ പഞ്ചായത്തിൽനിന്നോ മുൻകാലങ്ങളിൽ സഹായം ലഭിക്കാത്ത സംഘങ്ങൾ.

4. അന്വേഷണം/നിയമനടപടി നേരിടുന്ന സംഘങ്ങളെ ഒഴിവാക്കും.

5. അംഗീകൃത പെയ്ഡ് സെക്രട്ടറിയുള്ള സംഘങ്ങൾക്കു മാത്രം പരിഗണന. ഇവയാണ് മാനദണ്ഡം.

(ഡി) ആക്ഷേപമുണ്ടായിട്ടില്ല.

65 (1816) പഞ്ചായത്തുകളിലെ കമ്പ്യൂട്ടറുകളും ഫോട്ടോസ്റ്റാറ്റ് മെഷീനുകളും

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പഞ്ചായത്തുകൾക്ക് ഇത് നൽകിയിട്ടുണ്ട്; ഇതിനായി ഗ്രാമ പഞ്ചായത്തുകൾ എത്ര സംഖ്യ സർക്കാരിന് നൽകിയിട്ടുണ്ട്;

(ഡി) ഫോട്ടോസ്റ്റാറ്റ് മെഷീൻ ഏത് സ്ഥാപനമാണ് വിതരണം ചെയ്യുന്നത്; ഇത് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ഇ) തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്ത് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് എത്ര സംഖ്യ അടച്ചു; എന്നാണ് സംഖ്യ അടച്ചത്; ഇവർക്ക് മെഷീൻ എന്ന് നൽകും എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ചില ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. കണക്ക് ലഭ്യമല്ല. ജില്ലാ പഞ്ചായത്തുകളിലേയും ബ്ലോക്ക് പഞ്ചായത്തുകളിലേയും വിവരം ശേഖരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly